swamy saranam

# TRAVANCORE DEVASWOM BOARD

**Office of the Executive Engineer, Sabarimala Development Project, Pathanamthitta**

**Ph:- 0468- 2220666** **e-mail: eesabarimala@gmail.com**

J C B (Tracked excavator ) വിൽക്കുന്നതിനുള്ള കൊട്ടേഷൻ പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ ഉടമസ്ഥതയിൽ ഉള്ളതും ശബരിമലയിൽ ഉപയോഗിച്ച് കൊണ്ടിരുന്നതുമായ ജെസിബി (JCB JS 120 tracked excavator engine SL.NO. H 00030939 machine SL.NO. 1777560 model 2012) നിലവിലുള്ള അവസ്ഥയിൽ വിൽക്കുന്നതിന് മുദ്ര വെച്ച മത്സരസ്വഭാവമുള്ള കൊട്ടേഷനുകൾ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ക്ഷണിച്ചുകൊള്ളുന്നു . കൂടുതൽ വിവരങ്ങൾ എക്സിക്യൂട്ടീവ് എൻജിനീയർ ശബരിമല ഡെവലപ്മെൻറ് പ്രോജക്ട്, പത്തനംതിട്ട ഓഫീസിൽ നിന്നോ, ശബരിമല അസിസ്റ്റൻറ് എഞ്ചിനീയർ ആഫീസിൽ നിന്നോ, പ്രവർത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്. ടി. ജെ സി ബി നിലവിൽ ശബരിമല മരക്കൂട്ടത്ത് സൂക്ഷിച്ചിരിക്കുന്നതും ആയത് ശബരിമല അസിസ്റ്റൻറ് എൻജിനീയറുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതുമാണ്.

## നിബന്ധനകൾ

1. JCB (Tracked Excavator) എടുക്കുവാനുദ്ദേശിക്കുന്ന തുക 18% GST ഉൾപ്പടെ വെള്ളക്കടലാസിൽ രേഖപ്പെടുത്തി 18,000/- രൂപയുടെ നിരതദ്രവ്യം പത്തനംതിട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ പത്തനംതിട്ടയിൽ മാറത്തക്ക രീതിയിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം മുദ്രവെച്ച കവറിൽ നേരിട്ടോ സ്പീഡ് /രജിസ്റ്റേർഡ് പോസ്റ്റിലോ ഈ ആഫീസിൽ 20-09-2024 വൈകുന്നേരം 4 മണിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ് .(എക്സിക്യൂട്ടീവ് എൻജിനീയർ, ശബരിമല ഡെവലപ്മെൻറ് പ്രോജക്ട് , തിരുവിതാംകൂർ ദേവസ്വം ബോർഡ്, Near KSRTC Bus station, പത്തനംതിട്ട-689645 )

2. ഇപ്രകാരം ലഭ്യമായ കൊട്ടേഷനുകൾ 23-09-2024 പകൽ 11.30-ന് കൊട്ടേഷൻ നൽകിയ വ്യക്തിയുടെയോ അല്ലങ്കിൽ ടിയാൻ അംഗീകരിച്ച വ്യക്തിയുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ് . കൊട്ടേഷൻ നൽകുന്നയാളിൻറെ ആധാറിൻറെ പകർപ്പ് കൊട്ടെഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ് .

3. ഏറ്റവും കൂടുതൽ തുകയ്ക്ക് കൊട്ടേഷൻ നൽകുന്നയാളുടെ പേരിൽ വിൽപ്പന താൽക്കാലികമായി ഉറപ്പിച്ചു നൽകുന്നതാണ്.

4. കാരണം കാണിക്കാതെ തന്നെ വിൽപ്പന മാറ്റിവയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ കൊട്ടേഷൻ സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ വിൽപ്പന നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

swamy saranam

5. എല്ലാ വിൽപ്പനയും ദേവസ്വം ബോർഡിൻറെ അംഗീകാരത്തിനും തീരുമാനത്തിനും വിധേയമായിരിക്കും.

6. കൊട്ടേഷൻ അനുവദിച്ചുകൊണ്ട് ദേവസ്വം ബോർഡിൻറെ ഉത്തരവ് ലഭിച്ച അറിയിപ്പ് കിട്ടി ഏഴു ദിവസത്തിനകം EMD തുക കഴിച്ചുള്ള ബാക്കി തുകയും അതിൻറെ നികുതിയും കെട്ടിവെച്ച് ടി ജെസിബി (Tractor Excavator)സ്വന്തം ചെലവിൽ 2024 ഒക്ടോബർ മാസം 31- ന് മുൻപായി നീക്കം ചെയ്യേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യുമ്പോൾ ദേവസ്വം ബോർഡിൻറെ സ്ഥാവര ജംഗമ വസ്തുക്കൾക്ക് യാതൊരു വിധത്തിലുള്ള നാശനഷ്ടങ്ങളും വരുത്തുവാൻ പാടില്ലാത്തതാണ് .ഏതെങ്കിലും രീതിയിലുള്ള നാശനഷ്ട്ടങ്ങൾ ഉണ്ടായാൽ ആയത് കൊട്ടേഷൻ എടുത്തയാൾ ഉത്തരവാദിയായിരിക്കുന്നതും ,ടി നഷ്ടം നികത്തിയതിനുശേഷമേ ടി യന്ത്രം പമ്പയിൽ നിന്നു കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളു. ഇക്കാര്യ ങ്ങളിൽ വീഴ്ച വരുത്തിയാൽ കെട്ടിവച്ച തുക മുഴുവൻ ദേവസ്വം ബോർഡിലേക്ക് മുതൽ കൂട്ടുന്നതും ടി JCB പുനർ വിൽപ്പന ചെയ്യുന്നതും ആണ്.

7. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുള്ള എല്ലാ കൊട്ടേഷൻ /ലേല വ്യവസ്ഥകളും ഈ വിൽപ്പനക്കും ബാധകമാണ്.

ഫോൺ:

Assistant Engineer Sabarimala: 9495687135

Executive Engineer Pathanamthitta: 9447774000

പത്തനംതിട്ട

06 /09/2024

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

Sd/-

എക്സിക്യൂട്ടീവ് എഞ്ചിനീയർ

ശബരിമല ഡെവലപ്മെൻറ് പ്രോജക്ട്

പത്തനംതിട്ട